## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1703 — 21/1/2014 ൽ മറുപടിയ്ക്ക്

## ആഞ്ഞിലിമരങ്ങൾക്ക് ബാധിച്ച രോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആഞ്ഞിലിമരങ്ങൾക്ക് വ്യാപകമായി രോഗം ബാധിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) ആഞ്ഞിലിമരങ്ങൾ രോഗം വന്ന് ഉണങ്ങിപ്പോകുന്നതിനെ സംബന്ധിച്ച് വിശദമായ പഠനങ്ങൾ ഇതുവരെയും നടത്തിയിട്ടില്ല. എങ്കിലും വെള്ളായണി കാർഷിക കോളേജിൽ ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) പ്രസ്തുത നിരീക്ഷണങ്ങളിൽ വെർട്ടിസീലിയം എന്ന കുമിൾ കാരണമാണ് മരങ്ങൾ ഉണങ്ങിപ്പോകുന്നത് എന്ന് കാണാൻ കഴിഞ്ഞു. മരത്തിന്റെ വേരുകളിലാണ് ഈ, കുമിൾ ആദ്യം ബാധിക്കുന്നത്. വേരുകൾ നശിച്ച് മരം മുഴുവനായി ഉണങ്ങാൻ തുടങ്ങുന്ന സമയത്ത് മാത്രമാണ് പലപ്പോഴും ഇത് ശ്രദ്ധയിൽപ്പെടുക. |
| (സി) പ്രസ്തുത രോഗം മറ്റേതെങ്കിലും സസ്യങ്ങളെ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (സി) ആഞ്ഞിലിമരങ്ങൾക്കു പുറമെ പ്ലാവിലും ഈ രോഗം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

(ഡി) ഇതിനെതിരെ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

(ഡി) വിശദമായ പഠനങ്ങൾ നടത്തുകയോ, ഈ രോഗത്തിന്റെ പ്രതിരോധ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് ചർച്ച നടത്തുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ശുപാർശകൾ പുറത്തിറക്കാൻ സാധിച്ചിട്ടില്ല. പക്ഷെ വെള്ളായണി കാർഷിക കോളേജിൽ നടത്തിയ നിരീക്ഷണങ്ങളിൽ താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമാണ് എന്ന് കാണുകയുണ്ടായി.

1. "ഫൈറ്റുലാൻ/റ്റിൽറ്റ്" എന്നീ കുമിൾനാശിനികളിൽ ഏതെങ്കിലും ഒന്ന് രോഗത്തിന്റെ ആദ്യ ദിശയിൽ തന്നെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.
2. പി.ജി.പി.ആർ. മിക്സ് (2) എന്ന സൂക്ഷ്മാണു ഉൽപ്പന്നം രോഗത്തിന്റെ ആദ്യദിശയിൽ തന്നെ മരത്തിൽ തളിക്കുകയും ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും ചെയ്യുക.

ഈ പ്രതിരോധ മാർഗ്ഗങ്ങൾ വിശദമായ പഠനങ്ങൾക്കു ശേഷം മാത്രമേ ശുപാർശയായി അംഗീകരിക്കാൻ സാദ്ധ്യമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ